**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215** **15.07.2016-ന് മറുപടിയ്ക്ക്**

**ഫോറസ്റ്റ് റോഡുകളുടെ നവീകരണം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ഡോ. എൻ. ജയരാജ്**<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. സി.എഫ്.തോമസ്** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും മൃഗ സംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് വനസംരക്ഷണത്തിന് ഫോറസ്റ്റ് റോഡുകളുടെ പരിപാലനം എത്രത്തോളം സഹായകരമാകുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ: | (എ) വനസംരക്ഷണത്തിന് ഫോറസ്റ്റ് റോഡുകളുടെ പരിപാലനം ഗണ്യമായ തോതിൽ സഹായകരമാണ്. 1980 ലെ വന സംരക്ഷണനിയമത്തിലെ നിബന്ധനകളുടെയും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗൈഡുലൈനുകളുടെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് ഫോറസ്റ്റ് റോഡുകൾ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും. വനത്തിലൂടെയുള്ള പട്രോളിംഗിനും, ക്രമാനുഗതമായ പട്രോളിംഗിനും, വനംകുറ്റകൃത്യങ്ങൾ നടക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭിച്ചാലുടൻതന്നെ കൃത്യസ്ഥലത്ത് താമസംവിനാ എത്തുന്നതിനും, കാട്ടുതീ, വന്യമൃഗവേട്ട എന്നിവ തടയുന്നതിനും ഫോറസ്റ്റ് റോഡുകളുടെ പരിപാലനം സഹായകരമാകുന്നു. |
| (ബി) സംസ്ഥാനത്തെ ഫോറസ്റ്റ് റോഡുകളുടെ നിലവിലെ സ്ഥിതി എപ്രകാരമാണെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഫോറസ്റ്റ് റോഡുകളുടെ നിലവിലെ സ്ഥിതി നിരീക്ഷിച്ചിട്ടുണ്ട്. 1980 ലെ വന സംരക്ഷണനിയമത്തിലെ നിബന്ധനകളുടെയും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗൈഡുലൈനുകളുടെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ നിലവിലുള്ള ഫോറസ്റ്റ് റോഡുകൾ പരിപാലിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്, |

| | |
|---|---|
| (സി) ഫോറസ്റ്റ് റോഡുകളുടെ നവീകരണത്തിന് നടപ്പ സാമ്പത്തിക വർഷം നീക്കി വച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ? | (സി) ഫോറസ്റ്റ് റോഡുകളുടെ നവീകരണത്തിന് വനം വകുപ്പിന്റെ ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ 1980-ലെ വന സംരക്ഷണ നിയമത്തിലെ നിബന്ധനകളുടെയും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗൈഡ് ലൈനുകളുടെയും, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവുകളുടേയും അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സമയബന്ധിതമായി ചെയ്തുവരുന്നുണ്ട്. |

Ajith

സെക്ഷൻ ഓഫീസർ